# പതിമൂന്നാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 1297 20.03.2012 -ലെ മറുപടിയ്ക്ക്

**ശ്രീഗോകുലം മെഡിക്കൽ കോളേജിലെ പട്ടികജാതി വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ ആനുകൂല്യങ്ങൾ അനുവദിക്കുന്നതിന് നടപടി**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ബി.സത്യൻ | ശ്രീ. എ. പി.അനിൽകുമാർ<br>(ബഹു: പട്ടികജാതി -പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
| (എ) തിരുവനന്തപുരം ശ്രീ.ഗോകുലം മെഡിക്കൽ കോളേജിൽ 2005-ലെ ബാച്ചിൽ എം.ബി.ബി.എസ് കോഴ്സിന് ചേർന്ന രണ്ട് പട്ടികജാതി വിദ്യാർത്ഥികളുടെ വിദ്യാഭ്യാസാനുകൂല്യം യഥാസമയം അനുവദിച്ചു നൽകാതിരുന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട് |
| (ബി) കോളേജ് പ്രിൻസിപ്പലിൻെറ 30.3.2009,15.1.2010 എന്നീ തീയതികളിലെ എസ്.ജി.എം.സി. ആർ.എഫ്/സി1/ഇ.ഡി.എൽ/ 2207 നമ്പർ കത്തുകൾ പ്രകാരം മൂന്നും നാലും വർഷ പഠനത്തിനുള്ള റിന്യൂവെൽ ഫാറം നൽകി വിദ്യാഭ്യാസ ആനുകൂല്യം അനുവദിച്ചു നൽകുവാൻ ശുപാർശ ജില്ലാ പട്ടികജാതി വികസന ആഫിസർക്ക് നൽകിയിട്ടും നടപടി സ്വീകരിക്കാതി | (ബി) 2005-06, 2006-07, 2007-08 വർഷങ്ങളിലെ വിദ്യാഭ്യാസാനുകൂല്യം യഥാസമയം തന്നെ ടി വിദ്യാർത്ഥികൾക്ക് വിതരണം നടത്തിയിരുന്നു. 2008-09, 2009-10 വർഷങ്ങളിലെ ആനുകൂല്യം ലഭിക്കുന്നതിന് കോളേജ് അധികൃതർ യഥാസമയം ക്ലയിം നൽകിയിരുന്നില്ല. 2009-10 വർഷം മുതൽ ഇ-ഗ്രാന്റ്സ് മുഖേനയാണ് ആനുകൂല്യം അനുവദിച്ചു വരുന്നത്. ഓൺലൈൻ മുഖേന ടി വിദ്യാർത്ഥികൾക്ക് ആനുകൂല്യം അനുവദിക്കുന്നതിനുള്ള |

| | | | |
|---|---|---|---|
| | രുന്നതിനാൽ ഇക്കാര്യത്തിൽ നടപടി സ്വീകരിക്കുന്നതിന് 15.1.2010, 16.1.2010, 28.1.2010, 10.1.2011, 16.1.2011, 31.10.2011 എന്നീ തീയതികളിൽ ഓർമ്മക്കുറിപ്പുകൾ കോളേജ് അധികൃതർ നൽകിയിട്ടും നടപടി സ്വീകരിക്കാതിരുന്നതിൻെറ കാരണം വ്യക്തമാക്കുമോ; | | അപേക്ഷ അയക്കുന്നതിന് നിർദ്ദേശിച്ചിരുന്നെങ്കിലും ആയത് സ്ഥാപനത്തിൽ നിന്നും യഥാ സമയം ലഭിച്ചിരുന്നില്ല. 31.10.2011-ന് സ്ഥാപനത്തിൽ നിന്നും ലഭിച്ച സ്റ്റേറ്റ്മെന്റുകളും രേഖകളും പരിശോധിച്ചതിനു ശേഷമാണ് നടപടികൾ സ്വീകരിച്ചിട്ടുള്ളത്. |
| (സി) | മൂന്നും നാലും വർഷങ്ങളിലെ റെഗുലർ വിദ്യാർത്ഥിയുടെ 1.7.2008 മുതൽ 31.8.2010 വരെയും അഡീഷണൽ ബാച്ചിലെ വിദ്യാർത്ഥിയുടെ 1.7.2008 മുതൽ 15.1.2011 വരെയുമുള്ള മെസ്സ് ബില്ലുകളുടെ സ്റ്റേറ്റുമെന്റുകൾ ജില്ലാ പട്ടികജാതിവികസന ഓഫീസിൽ ലഭിച്ച തീയതികളും ഇവ പാസാക്കി നൽകിയിട്ടുണ്ടെങ്കിൽ പാസ്സാക്കി നൽകിയ തീയതിയും വ്യക്തമാക്കാമോ; | (സി) | 31.10.11 -ന് ലഭിച്ചിട്ടുണ്ട്. ടി കത്ത് പ്രകാരം 4-ാം വർഷത്തെ ട്യൂഷൻ ഫീസും മറ്റാനുകൂല്യങ്ങളും 13.2.2012-ലെ ബി 1- 26432/2009 നമ്പർ ഉത്തരവ് പ്രകാരം 2,99,680/- രൂപ അനുവദിച്ച് ഡി.ഡി. സ്ഥാപനത്തിന് നൽകുകയും രണ്ട് വിദ്യാർത്ഥികളുടേയും അഞ്ചാം വർഷത്തെ കോഴ്സ് കാലാവധി സംബന്ധിച്ച വിശദീകരണം ലഭ്യമാക്കുന്നതിന് ആവശ്യപ്പെടുകയും ചെയ്തിരുന്നു. ടി വിശദീകരണം 18.2.2012-ൽ ലഭിച്ചതിൻെറ അടിസ്ഥാനത്തിൽ ശേഷിച്ച അവസാന വർഷത്തെ ആനുകൂല്യം 3,14,080/രൂപ 3.3.2012-ലെ ബി1-26432/09 നമ്പർ ഉത്തരവ് പ്രകാരം അനുവദിച്ചിട്ടുണ്ട്. |
| (ഡി) | 15.11.2011-ൽ ഹൗസ് സർജൻസി പൂർത്തീകരിച്ച റെഗുലർ വിദ്യാർത്ഥിക്ക് ജില്ലാ പട്ടികജാതി വികസന ആഫീസർ വിദ്യാഭ്യാസ | (ഡി) | ഇല്ല |

| | | | |
|---|---|---|---|
| | ആനുകൂല്യങ്ങൾ അനുവദിച്ച് നൽകാതിരുന്നതു മൂലം മെഡിക്കൽ കൗൺസിലിൻെറ പെർമനൻറ് രജിസ്ട്രേഷൻ നടത്തി തൊഴിൽ ചെയ്യാൻ കഴിഞ്ഞിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | | |
| (ഇ) | നിരവധി തവണ ജില്ലാ പട്ടികജാതി വികസന ആഫീസറെ കണ്ട് പരാതി നൽകിയിട്ടും യാതൊരു നടപടിയും സ്വീകരിക്കാതിരുന്നതു മൂലം വിദ്യാർത്ഥി ബഹു. മുഖ്യമന്ത്രിയെ നേരിൽ കണ്ട് പരാതി നൽകിയിട്ട് പോലും നടപടി സ്വീകരിക്കുന്നതിൽ ജില്ലാ പട്ടിക ജാതി വികസന ആഫീസ് വീഴ്ച വരുത്തിയതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ: | (ഇ) | ഇല്ല. 23.11.11-ൽ ഡോ.പ്രിയ ജില്ലാ പട്ടിക ജാതി വികസന ആഫിസർക്ക് നൽകിയ പരാതി പരിശോധിച്ച് അവശേഷിച്ചിരുന്ന എല്ലാ ആനുകൂല്യങ്ങളും വിതരണം ചെയ്തിട്ടുണ്ട്. |
| (എഫ്) | പട്ടികജാതി വിദ്യാർത്ഥികളുടെ വിദ്യാഭ്യാസാനുകൂല്യം അനുവദിച്ച് നൽകാതിരുന്ന ജില്ലാ പട്ടിക ജാതി വികസന ആഫീസറുടെ പേരിൽ നടപടി സ്വീകരിക്കാമോ? | (എഫ്) | ബാധകമല്ല |

സെക്ഷൻ ഓഫീസർ.